# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - 152 | 08.12.2014-ൽ മറുപടിയ്ക്ക്

### കോംബിംഗ് ഓപ്പറേഷൻ നടത്തുന്നതിന് മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ.എം.ഉമ്മർ
ശ്രീ.സി.മോയിൻ കുട്ടി
ശ്രീ.പി.ബി.അബ്ദുൾ റസാക്
ശ്രീ.കെ.എൻ.എ.ഖാദർ

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) കുറ്റകൃത്യങ്ങൾ തടയുന്നതിനും ക്രിമിനൽ കേസുകളിലെയും വാറണ്ടുള്ളവരെയും അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കുന്നതിനും ആഭ്യന്തരവകുപ്പിനു കീഴിൽ എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ;

(എ) കുറ്റകൃത്യങ്ങൾ തടയുന്നതിനായി അത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി നിരീക്ഷിച്ച് വരുന്നതും, കൂടുതൽ കേസുകളിൽ പ്രതികളാകുന്നവരെ KAAPA നിയമ പ്രകാരം തടങ്കലിൽവച്ചും കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് ശ്രമിച്ചു വരുന്നു. വാറണ്ടുള്ളവരെ അറസ്റ്റ് ചെയ്യുന്നതിനും, പിടികിട്ടാപ്പുള്ളികളെ പിടികൂടുന്നതിനും സർക്കിൾ അടിസ്ഥാനത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ശക്തമായി പട്രോളിംഗ് നടത്തിയും, വാറണ്ടുള്ള കുറ്റവാളികൾ ഉൾപ്പെടെയുള്ളവരെ അറസ്റ്റ് ചെയ്യുന്നതിന് പ്രത്യേക സംഘങ്ങൾ രൂപീകരിച്ചും, സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരിൽ നിന്നും നല്ല നടപ്പിന് ജാമ്യം വാങ്ങിപ്പിച്ചും വരുന്നു. ക്രിമിനൽ കേസിലെ പ്രതികളെയും, വാറണ്ടുള്ള പ്രതികളെയും യഥാസമയം അറസ്റ്റ് ചെയ്ത് നിയമ നടപടികൾക്കായി കോടതിയിൽ ഹാജരാക്കി വരുന്നുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസ് സ്റ്റേഷൻ പരിധികളിൽ പ്രത്യേകം പ്രത്യേകം ബീറ്റുകൾ ഏർപ്പെടുത്തി ഡ്യൂട്ടികൾ ചെയ്യാറുണ്ട്. കൂടാതെ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച്

കുറ്റകൃത്യങ്ങളെപ്പറ്റിയും, കുറ്റകൃത്യം നടത്തുന്നവരെപ്പറ്റിയും രഹസ്യ വിവരം ശേഖരിച്ച് വരുന്നു. ജനമൈത്രീ പോലീസ് സിസ്റ്റം, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ഉപയോഗിച്ച് കുറ്റ കൃത്യത്തിനെതിരെ ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നു. വാറണ്ടുള്ളവരെ അറസ്റ്റ് ചെയ്യാൻ സ്പെഷ്യൽ ഡ്രൈവും, കോംബിംഗ് ഓപ്പറേഷനുകളും ഏർപ്പെടുത്താറുണ്ട്. കുറ്റകൃത്യങ്ങളും, മോഷണങ്ങളും തടയുന്നതിനായി രാത്രികാല പട്രോളിംഗ് ശക്തമായി നടത്തി വരുന്നു. സംശയാസ്പദമായി കണ്ടെത്തുന്നവരെ പ്രിവന്റീവ് അറസ്റ്റ് നടത്തി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ ഷാഡോ പോലീസിനെ നിയോഗിച്ചും, ഇന്റലിജൻസ് മുഖാന്തിരം വിവരങ്ങൾ ശേഖരിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുവാൻ സാധ്യതയുള്ളവരുടെ മേൽ നിരീക്ഷണവും, പിടികിട്ടാപ്പുള്ളികളേയും, അജ്ഞാതരായ കുറ്റവാളികളെയും കണ്ടുപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരുകയും ചെയ്യുന്നു. കള്ളനോട്ടുകാർക്കെതിരെയും, വ്യാജവാറ്റുകാർക്കെതിരെയും, മയക്കു മരുന്ന് കുറ്റവാളികൾക്കെതിരെയും, ഹവാല തട്ടിപ്പുകാർക്കെതിരെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമവ്യവസ്ഥ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. ബ്ലേഡ് മാഫിയകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് 'ഓപ്പറേഷൻ കുബേര' പോലുള്ള നടപടികൾ വളരെയധികം സഹായിച്ചിട്ടുണ്ട്.

(ബി) പ്രത്യേക കോംബിംഗ് ഓപ്പറേഷൻ നടത്തുന്നതിന് മാനദണ്ഡമോ കാലപരിധിയോ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്നും 2014 -ൽ എത്ര ഓപ്പറേഷനുകൾ എവിടെയെല്ലാം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കോംബിംഗ് ഓപ്പറേഷൻ നടത്തുന്നതിന് പ്രത്യേക മാനദണ്ഡമോ കാലപരിധിയോ നിശ്ചയിച്ചിട്ടില്ല. അതാത് സമയങ്ങളിലുണ്ടാകുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കുറ്റകൃത്യങ്ങൾ കുറച്ച് കൊണ്ടുവരുന്നതിനായിട്ടാണ് കോംബിംഗ് ഓപ്പറേഷനുകൾ നടത്തുന്നത്.

| | |
|---|---|
| (സി) കോംബിംഗ് ഓപ്പറേഷന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിൽ ഈ വർഷം നടത്തിയ കോംബിംഗ് ഓപ്പറേഷനുകളുടെ ഫലം വിശദമാക്കുമോ? | (സി) കോംബിംഗ് ഓപ്പറേഷന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കോംബിംഗ് ഓപ്പറേഷനുകളിലൂടെ പിടികിട്ടാപ്പുള്ളികൾ, ഒളിവിൽ കഴിഞ്ഞ് വരുന്ന പ്രതികൾ ഉൾപ്പെടെയുള്ള നിരവധി പേരെ പിടികൂടാൻ സാധിച്ചിട്ടുണ്ട്. കുറ്റത്തിന്റെ വ്യാപ്തി അനുസരിച്ച് കേസുകൾ രജിസ്റ്റർ ചെയ്തും, പിഴ ഈടാക്കിയും, ബോധവൽക്കരണം നടത്തിയും വരുന്നു. മദ്യപിച്ച് വാഹനമോടിക്കുന്നവരെയും , ഗതാഗത നിയമ ലംഘനം നടത്തുന്നവരെയും കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോബിംഗ് ഓപ്പറേഷൻ കുറ്റകൃത്യങ്ങൾ തടയുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. 2014-ൽ നടത്തിയ കോംബിംഗ് ഓപ്പറേഷനുകളിലൂടെ പിടികിട്ടാപ്പുള്ളികൾ ഉൾപ്പെടെയുള്ള നിരവധി പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ